# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

ലാൻഡ് ഇൻഫർമേഷൻ മിഷൻ

1183 ശ്രീ.സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ
,, ലൂഡി ലൂയിസ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാൻഡ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഭൂവിസ്തൃതി നിർണ്ണയത്തിനും സ്കെച്ചുകൾ തയ്യാറാക്കുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംരംഭത്തിൽ ഒരുക്കിയിട്ടുളളത്;

(ഡി) ഏതെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

ഭൂമി കേരളം പദ്ധതി

1184 ശ്രീ. പി. കെ. ഗുരുദാസൻ
'' സി.കെ. സദാശിവൻ
'' കെ. കെ. ജയചന്ദ്രൻ
'' കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമികേരളം പദ്ധതി വിഭാവന ചെയ്ത അതേ നിലയിൽ ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; ഈ പദ്ധതിയുടെ ഉദ്ദേശ്യം എന്തായിരുന്നു എന്നു വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട എന്തെല്ലാം കാര്യങ്ങളിൽ ഏതെല്ലാം നിലയിലുള്ള മാറ്റങ്ങൾ വരുത്തുകയുണ്ടായി ; വിശദമാക്കാമോ; ഇതു സംബന്ധമായ മന്ത്രിസഭാ തീരുമാനത്തെ തുടർന്ന് ഇറക്കിയ ഉത്തരവുകൾ ലഭ്യമാക്കാമോ;

(സി) റീസർവ്വേ നടപടികൾ, സർക്കാർ ഭൂമിയിൽ മാത്രമായി ചുരുക്കിയിരിക്കുന്നത് എന്ത് ഉദ്ദേശത്തോടു കൂടിയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വകാര്യവക്തികളും സ്ഥാപനങ്ങളും കൈവശംവെച്ച് വരുന്ന കയ്യേറ്റഭൂമി എങ്ങനെ കണ്ടെത്താൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) റീ സർവ്വേ നടത്താതെ കയ്യേറ്റങ്ങൾ കണ്ടു പിടിക്കാൻ സാധിക്കുമോ?

## കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

''ഭൂമി കേരളം'' പദ്ധതി

1185 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ''ഭൂമി കേരളം'' പദ്ധതി ആരംഭിച്ചത് എപ്പോഴാണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു ; വിശദമാക്കാമോ :

(സി) സംസ്ഥാനത്തെ ഏതെല്ലാം വില്ലേജുകളിൽ ''ഭൂമി കേരളം'' പദ്ധതി നടപ്പിലാക്കിയെന്നു വ്യക്തമാക്കുമോ ;

(ഡി) പൊതുജനങ്ങൾ പദ്ധതിക്കെതിരെ ഗൗരവതരമായ ആക്ഷേപങ്ങളും പരാതികളും ഉന്നയിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ എന്തു കൊണ്ടാണെന്നു വിശദമാക്കുമോ ;

(ഇ) രേഖകൾ പ്രകാരമല്ലാതെ അർഹതയിൽ കവിഞ്ഞ ഭൂമി കൈവശപ്പെടുത്തി വച്ചിരിക്കുന്നവരുടെ പക്കൽ നിന്നും ഭൂമി കണ്ടെത്തി പിടിച്ചെടുക്കുവാൻ സഹായകരമായിരുന്ന പദ്ധതി വേണ്ടെന്നു വച്ചിട്ടുണ്ടെങ്കിൽ തീരുമാനം പിൻവലിച്ച് പദ്ധതി സംസ്ഥാനത്താകെ സമയബന്ധിതമായി നടപ്പിലാക്കുവാൻ നിർദ്ദേശം നൽകുമോയെന്നും ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് ഇതിനോടകം സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>ഭൂരഹിതരില്ലാത്ത കേരളം</u>

1186 ശ്രീ. സണ്ണി ജോസഫ്
,, എ. ടി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതി വഴി സൗജന്യ ഭൂമി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ തയ്യാറാക്കിയിട്ടുണ്ട് ;

(സി) പരമാവധി പേർക്ക് സ്വന്തം ജില്ലയിൽ തന്നെ ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഭൂരഹിതർക്ക് ഭൂമി നൽകുന്നത്</u>

1187 ശ്രീ. ടി.എം. തോമസ് ഐസക്ക്
" ബാബു എം. പാലിശ്ശേരി
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമവിരുദ്ധമായി ഭൂമി കൈവശംവെച്ച് വരുന്നവരിൽ നിന്നും ഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂരഹിതരായ എത്ര കുടുംബങ്ങൾ സംസ്ഥാനത്തുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ഇതിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾ എത്രയാണ്;

(സി) അർഹതപ്പെട്ടവർക്കെല്ലാം ഭൂമി ലഭ്യമാക്കുന്നതിന് എത്ര ഭൂമി വേണമെന്നതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാണോ; വിശദമാക്കുമോ;

(ഡി) അനധികൃതമായി ഭൂമി കൈവശംവെച്ച് വരുന്നവരിൽ നിന്ന് അവ പിടിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>ഭൂ സംരക്ഷണ സേന</u>

1188

ശ്രീ. ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ
,, കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂ സംരക്ഷണ സേന രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) സേനയിലെ അംഗങ്ങൾ ആരെല്ലാമാണ്;

(ഡി) എവിടെയെല്ലാമാണ് പ്രസ്തുത സേനയുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

ദുരന്ത നിവാരണത്തിനായി ദ്രുത കർമ്മസേന

1189 ശ്രീ. ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി ജോർജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണത്തിനായി ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) സേനയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) സേനയുടെ പ്രവർത്തനം എവിടെയെല്ലാമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ജില്ലകളുടെയും താലൂക്കുകളുടെയും പുനഃസംഘടന</u>

1190 ശ്രീ. സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലകളും താലൂക്കുകളും ഭൂമിശാസ്ത്രപരമായും ജനസംഖ്യാനുപാതികമായും പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പട്ടാമ്പി താലൂക്ക് രൂപവൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>ഹാരിസണ്‍ മലയാളം കമ്പനിയും സര്‍ക്കാര്‍ ഭൂമിയും</u>

1191 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹാരിസണ്‍ മലയാളം കമ്പനി അനധികൃതമായി ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം വില്ലേജുകളില്‍പ്പെട്ട എത്ര ഏക്കര്‍ ഭൂമിവീതം കൈവശം വച്ചുവരുന്നു ;

(ബി) 2010 ലെ സര്‍ക്കാര്‍ ഉത്തരവിനെ തുടര്‍ന്ന് ലാന്റ് റവന്യൂ കമ്മീഷണര്‍ നടത്തിയ അന്വേഷണത്തില്‍ ഹാരിസണ്‍ കൈവശംവെച്ച് വരുന്ന ഭൂമിയെ സംബന്ധിച്ച എന്തെല്ലാം സംഗതികള്‍ വെളിപ്പെട്ടിട്ടുണ്ട് ; അന്വേഷണ റിപ്പോര്‍ട്ടിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ ഇതിനകം സ്വീകരിക്കപ്പെട്ട നടപടികള്‍ എന്തെല്ലാമാണ് ;

(ഡി) ഹാരിസണ്‍ മലയാളം കമ്പനിയും സര്‍ക്കാരും തമ്മില്‍ ഏതെല്ലാം കോടതികളില്‍ ഏതെല്ലാം കേസുകള്‍ നിലവിലുണ്ട് ; അവയുടെ വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>ഹാരിസണ്‍ മലയാളം കമ്പനി</u>

1192 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹാരിസണ്‍ മലയാളം കമ്പനി കൈവശം വച്ചിട്ടുള്ള ഭൂമിയുടെ ഉടമസ്ഥത പരിശോധിച്ച് ലാന്റ് റവന്യു അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തിന്റെ റിപ്പോര്‍ട്ടിന്റെ ഒരു പകര്‍പ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത റിപ്പോര്‍ട്ടിലെ പ്രമുഖമായ കണ്ടെത്തലുകള്‍ എന്തൊക്കെയായിരുന്നു ;

(സി) പ്രസ്തുത റിപ്പോര്‍ട്ടിനെ ആധാരമാക്കി, വിശദമായ പരിശോധന നടത്തുന്നതിന് റിട്ട. ജഡ്ജിയെ നിയമിക്കുകയുണ്ടായോ ; എങ്കില്‍ അദ്ദേഹത്തിന്റെ നിര്‍ദ്ദേശങ്ങള്‍ ലഭിച്ചിട്ടുണ്ടോ ; അതിന്റെ ഒരു പകര്‍പ്പ് ലഭ്യമാക്കാമോ ; പ്രധാന നിര്‍ദ്ദേശങ്ങള്‍ എന്തൊക്കെയായിരുന്നു; ആയതിന്മേല്‍ കൈകൊണ്ട നടപടികള്‍ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ</u>

1193 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ പൊതു ഉടമസ്ഥതയിൽ ഉള്ള ഭൂമികളെ സംബന്ധിച്ചും എസ്റ്റേറ്റുകളെ സംബന്ധിച്ചും വിശദമാക്കാമോ ; റവന്യൂ, വനം വകുപ്പുകളുടെ കൈവശമുളള എസ്റ്റേറ്റുകൾ ഏതൊക്കെയാണ്;

(ബി) നെല്ലിയാമ്പതിയിൽ ഏതെങ്കിലും എസ്റ്റേറ്റ് സ്വകാര്യ വ്യക്തികളുടേതായോ സ്ഥാപനങ്ങളുടേതായോ നിലവിലുണ്ടോ ; എങ്കിൽ ഏതെല്ലാം; അവ എത്ര ഏക്കർ വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) നെല്ലിയാമ്പതിയിലെ ഏതെങ്കിലും എസ്റ്റേറ്റുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം കോടതിയുടെ പരിഗണനയിലുണ്ടോ ; എങ്കിൽ ഏതെല്ലാം ; നിലനിൽക്കുന്നതായ തർക്കം സംബന്ധിച്ച വിവരം വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സംഘടനകൾക്കും ട്രസ്റ്റുകൾക്കും സർക്കാർ പാട്ടത്തിന് നൽകിയ ഭൂമി</u>

1194 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം സംഘടനകൾക്കും, സ്ഥാപനങ്ങൾക്കും, ട്രസ്റ്റുകൾക്കും മറ്റുമായി സർക്കാർ പാട്ടത്തിനോ, പതിച്ചോ നല്കിയതായ ഭൂമിയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം ഭൂമി എത്ര സെന്റ് വീതം ഏതെല്ലാം സ്ഥാപനങ്ങൾക്കും, സംഘടനകൾക്കും, ട്രസ്റ്റുകൾക്കും വ്യക്തികൾക്കും ആണ് നൽകിയതെന്ന് വിശദമാക്കാമോ ;

(സി) ഭൂമി നല്കുന്നതുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ എത്ര മന്ത്രിസഭാ തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ട്; ഏതെല്ലാം ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സർക്കാർ ഭൂമിയിലെ കയ്യേറ്റം</u>

1195 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി സ്വകാര്യ വ്യക്തി/സ്ഥാപനങ്ങൾ കയ്യേറി നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന വ്യാപകമായുള്ള സർക്കാർ ഭൂമി അളന്ന് തിരിച്ച് എലുക നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ ജില്ലതിരിച്ചുള്ള വിവരം വ്യക്തമാക്കുമോ ;

(സി) സർക്കാർ ഭൂമി സ്വകാര്യ വ്യക്തി/സ്ഥാപനങ്ങൾ കയ്യേറിയതിന്മേൽ എത്ര വ്യവഹാരങ്ങൾ വിവിധ കോടതികളിൽ നിലനിൽക്കുന്നു എന്നതിന്റെ താലൂക്ക് തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ഡി) വിവിധ കോടതികളിൽ നിലനിൽക്കുന്ന സർക്കാർ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥകൾ</u>

1196 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി, വ്യവസായം, ഐ.ടി, ടൂറിസം തുടങ്ങി വിവിധ മേഖലകളിൽ പാട്ടവ്യവസ്ഥയിൽ സ്വകാര്യ വ്യക്തികളോ, സ്ഥാപനങ്ങളോ കൈവശം വെച്ച് ഉപയോഗിച്ചുവരുന്ന ഭൂമിയെ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കാമോ;

(സി) പാട്ടത്തിന് നൽകിയ ഭൂമിയെ സംബന്ധിച്ച സംസ്ഥാനാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ സൂക്ഷിച്ചിരിക്കുന്നത് എവിടെയാണ്;

(ഡി) പാട്ടക്കുടിശ്ശിക വരുത്തിയവരിൽ നിന്നും പാട്ടവ്യവസ്ഥയ്ക്ക് വിരുദ്ധമായി ഭൂമി വിനിയോഗിച്ചിട്ടുള്ളവരിൽ നിന്നും ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളും റവന്യൂ ഭൂമിയും</u>

1197 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളും റവന്യൂ ഭൂമിയും മൊത്തം എത്ര ഏക്കർ വരുമെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ ; നിയമാനുസൃതമായി ഇപ്പോഴും പാട്ടവ്യവസ്ഥയിൽ തുടരുന്ന തോട്ടങ്ങളും ഭൂമിയും ഏതൊക്കെയാണ് ;

(സി) വിവിധ പാട്ടഭൂമികളിൽ നിന്നും നിലവിലുള്ള നിരക്കനുസരിച്ച് ലഭിക്കേണ്ട പാട്ടക്കരം കുടിശ്ശിക എത്രയാണെന്ന് വിശദമാക്കാമോ ;

(ഡി) പാട്ടക്കരം കുടിശ്ശിക വരുത്തിയ വ്യക്തികളും സ്ഥാപനങ്ങളും ഏതൊക്കെയാണ് ; കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ പാട്ടഭൂമി</u>

1198 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ പാട്ടഭൂമിയെ സംബന്ധിച്ച് റവന്യൂ വകുപ്പ് ഏറ്റവും ഒടുവിൽ നടത്തിയ അന്വേഷണം എപ്പോഴായിരുന്നു;

(ബി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

ചെറുനെല്ലി എസ്റ്റേറ്റിന്റെ കൈവശക്കാർ

1199 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1867–ൽ കൊച്ചി രാജാവ് ഡബ്ല്യൂ സ്മിത്ത്, എസ്കർ എന്നവർക്ക് പാട്ടത്തിന് നൽകിയ ചെറുനെല്ലി എസ്റ്റേറ്റ് ഇപ്പോൾ ആരുടെ കൈവശത്തിലാണ്;അന്നത്തെ രേഖകൾ പ്രകാരം എത്ര ഏക്കർ ഭൂമിയാണ് ഉണ്ടായിരുന്നത്;

(ബി) 1944ലും 1975ലും ഇത് കൈമാറ്റം ചെയ്തിട്ടുണ്ടോ; ഇപ്പോൾ പ്രസ്തുത എസ്റ്റേറ്റ് ചെറുതുണ്ടുകളായി കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്പോഴത്തെ കൈവശക്കാരുടെ പേരും മേൽവിലാസവും നൽകുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ സൗരോർജ്ജ പദ്ധതി</u>

1200 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പദ്ധതിക്കായി സ്വകാര്യകമ്പനി അട്ടപ്പാടിയിൽ ഭൂമി ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ :

(ബി) ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി ആദിവാസി മേഖലയിൽ ഉൾപ്പെട്ടതാണോയെന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ സർക്കാർ ഏജൻസികൾക്ക് ഏതെങ്കിലും തരത്തിലുള്ള ബന്ധമുണ്ടോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>അയ്യമ്പുഴ പഞ്ചായത്തിലെ കർഷകർക്ക് പട്ടയം</u>

1201 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ പാണ്ടുപാറയിലെ കർഷകർക്ക് പട്ടയം അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇവർക്ക് എന്ന് പട്ടയം നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് വിവിധ വകുപ്പുകളിൽ നടപടി സ്വീകരിച്ചുവരുന്ന ഫയലുകൾ ഏതെല്ലാമെന്നും പ്രസ്തുത ഫയലുകളുടെ നിജസ്ഥിതി എന്തെന്നും വ്യക്തമാക്കാമോ;

(ഡി) പട്ടയം നൽകേണ്ടവരുടെ പട്ടിക ജില്ലാകളക്ടർ ലഭ്യമാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>നേമം നിയോജക മണ്ഡലത്തിലെ പട്ടയ വിതരണം</u>

1202 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ മണക്കാട് വില്ലേജിൽ ഉൾപ്പെടുന്ന ബണ്ട് പുറമ്പോക്കിലെ കല്ലടിമുഖം, മുട്ടാറ്റുവരമ്പ്, വരവിള, ചൂരൽതോപ്പ് എന്നിവിടങ്ങളിലെ എൺപത്തിമൂന്നോളം കുടുംബങ്ങളുടെ കൈവശഭൂമിയ്ക്ക് പട്ടയം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് എന്ന് പട്ടയം നൽകാൻ സാധിക്കും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>റീസർവ്വേ നടത്തിപ്പിൽ വന്നിട്ടുള്ള പിഴവുകൾ</u>

1203 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ നടത്തിപ്പിൽ വന്നിട്ടുള്ള പിഴവുകൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(ബി) ഇതുമൂലം ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) റീസർവ്വേ നടത്തിപ്പിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് ഫലപ്രദമായ എന്തു നടപടിയാണ് സ്വീകരിക്കുക എന്നു വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

റീ സർവ്വേ

1204 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ സർവ്വേ നിർത്തിവയ്ക്കാനുണ്ടായ സാഹചര്യങ്ങൾ എന്തെന്ന് വിശദമാക്കുമോ;

(ബി) റീ സർവ്വേ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) റീ സർവ്വേപ്രകാരം തയ്യാറാക്കുന്ന അടിസ്ഥാന ഭൂരേഖ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നത് പൊതു താല്പര്യത്തിന് എതിരാണെന്നുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇതുമൂലം 3000ത്തോളം തസ്തികകൾ ഇല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ യുവാക്കളുടെ പരിമിതമായ തൊഴിലവസരങ്ങൾ ഇല്ലാതാക്കുന്ന ഇത്തരം നടപടികൾക്ക് ഏത് തരത്തിൽ പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

ഡെപ്യൂട്ടി തഹസീൽദാർ ഓഫീസ് അപ്ഗ്രഡേഷൻ

1205 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലത്ത് ഇപ്പോഴുള്ള ഡെപ്യൂട്ടി തഹസീൽദാരുടെ ഓഫീസ് അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>മിച്ച ഭൂമി</u>

1206 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഭൂരഹിതർ ഉണ്ടെന്നാണ് കണക്കാക്കുന്നത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് എപ്രകാരം ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ സംസ്ഥാനത്ത് എത്ര മിച്ചഭൂമി ഉണ്ടെന്നാണ് കണക്കാക്കുന്നത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) മിച്ചഭൂമി സംബന്ധിച്ച് എത്ര ശതമാനം ഫലയുകൾ പൂർത്തിയായി; മൊത്തം ഭൂമിയുടെ എത്രശതമാനം കോടതി കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു വിശദ മാക്കുമോ;

(ഇ) ഇപ്രകാരം മിച്ചഭൂമി സംബന്ധിച്ച കേസ്സുകൾ ഹൈക്കോടതി മുഖേന ക്വാഷ് ചെയ്ത് അർഹതപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(എഫ്) ഓരോ ജില്ലയിലും ഭൂമിയ്ക്കായി അപേക്ഷ നൽകിയിട്ടുള്ള ഭൂരഹിതരുടെ എണ്ണം എത്രയെന്നു വ്യത്കമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ ചങ്ങനാശ്ശേരിയിലെ തൂക്കുപാലത്തിന്റെ പ്ലാറ്റ്ഫോം</u>

1207 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ചങ്ങനാശ്ശേരിയിൽ റവന്യൂ വകുപ്പ് നിർമ്മിച്ച തൂക്കുപാലത്തിന് പ്ലാറ്റ്ഫോം സ്റ്റെപ്പുകൾ നിർമ്മിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യാത്രക്കാർക്ക് കയറുന്നതിനും ഇറങ്ങുന്നതിനും ബുദ്ധിമുട്ടുണ്ടാകുന്നതിനാൽ കരിങ്കല്ല് കൊണ്ട് പ്ലാറ്റ്ഫോം സ്റ്റെപ്പുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

ഭൂരഹിത കുടുംബങ്ങൾ

1208 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര ഭൂരഹിത കുടുംബങ്ങൾ ഉണ്ടെന്നാണു കണക്കാക്കിയിട്ടുള്ളതെന്നതു സംബന്ധിച്ച് ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾ എത്രയെന്നു ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങൾ എത്രയെന്നു ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഭൂരഹിതരായവർക്ക് ഭൂമി നൽകുന്നതിനു സംസ്ഥാനത്തു നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതി പ്രകാരവും ഒരു കുടുംബത്തിന് നൽകുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഏറ്റവും കുറവ് ഭൂമിയുടെ അളവെത്രയെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത കുടുംബങ്ങൾക്കെല്ലാം ഭൂമി വിതരണം ചെയ്യണമെങ്കിൽ കുറഞ്ഞത് എത്ര ഭൂമി വേണ്ടിവരുമെന്നാണു കണക്കാക്കപ്പെടുന്നത് ;

(എഫ്) സംസ്ഥാനത്തെ ഭൂരഹിതരായ വിവിധ വിഭാഗം ജനങ്ങൾക്ക് വിതരണം ചെയ്യുവാൻ കണ്ടെത്തിയിട്ടുള്ള ഭൂമി സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ജി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്ത മിച്ച ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്കും ഓരോ ജില്ലയിലും ആകെ എത്ര കുടുംബങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

(എച്ച്) ഇക്കാലയളവിൽ ഏതെങ്കിലും സ്ഥാപനങ്ങൾക്ക് മിച്ച ഭൂമി പതിച്ചുനൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ: എങ്കിൽ ഏതു ജില്ലയിൽ ഏതു സ്ഥാപനത്തിനാണു മിച്ച ഭൂമി നൽകിയതെന്നും എത്ര ഭൂമി നൽകിയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ്

1209 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>ഫിലിം ചേമ്പറിന് കൊച്ചിയിൽ പാട്ടത്തിന് ഭൂമി</u>

1210 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിലിം ചേമ്പറിന് കൊച്ചിയിൽ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടോ;

(ബി) പാട്ടക്കാലാവധി അവസാനിച്ച ശേഷം ഭൂമി തിരിച്ചെടുത്തിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ഹൈക്കോടതി വിധി വന്നിട്ടുണ്ടോ; എങ്കിൽ അതിനനുസൃതമായി നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

**<u>പുതിയങ്ങാടി വില്ലേജിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ</u>**

1211 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ പുതിയങ്ങാടി വില്ലേജിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് പേരും, മേൽവിലാസവും സഹിതം വിശദമാക്കുമോ;

(ബി) ഇവർക്ക് പട്ടയം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പുതുതായി അനുവദിച്ച വില്ലേജ് ഓഫീസ്</u>

1212 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വലിയപറമ്പ് ദ്വീപ് പഞ്ചായത്തിൽ അനുവദിച്ച വില്ലേജ് ഓഫീസ് എന്ന് മുതൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>തഹസീൽദാർ തസ്തികയിലേയ്ക്കുള്ള നിയമനം</u>

1213 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ തഹസീൽദാർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) പ്രസ്തുത തസ്തികകളിൽ സർക്കാർ നേരിട്ട് നിയമനം നടത്താറുണ്ടോ; എങ്കിൽ ഏത് വർഷമാണ് ഇത്തരത്തിൽ നിയമനം നടത്തിയത്;

(സി) നേരിട്ട് നിയമനം നടത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നാണ് നിയമനം നടത്തുക; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

ഇലക്ട്രിക് ശ്മശാന നിർമ്മാണം

1214 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴയ കുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കാനാറയിൽ ഇലക്ട്രിക് ശ്മശാനം നിർമ്മിക്കുന്നതിനായി നൽകിയ അപേക്ഷയിന്മേൽ ഇതുവരെ എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്തുകളിൽ ഇലക്ട്രിക് ശ്മശാനം സ്ഥാപിക്കുന്നതിനായി എത്ര സെന്റ് ഭൂമിയാണ് പഞ്ചായത്ത് ലഭ്യമാക്കേണ്ടത്; വ്യക്തമാക്കുമോ;

(സി) ഇലക്ട്രിക് ശ്മശാനം സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പ് സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>ഹിന്ദു വനിതാ സംഘം കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ അവകാശം</u>

1215

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ശാസ്തമംഗലം വില്ലേജിൽ സർവേ നമ്പർ. 597, 598 – ൽപ്പെട്ട 50 സെന്റ് സ്ഥലം ഹിന്ദു വനിതാ സംഘം എന്ന പേരിൽ കൈവശം വച്ച് വരുന്നുണ്ടോ;

(ബി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വെളിപ്പെടുത്താമോ;

(സി) കൈവശം വച്ച് വരുന്ന സ്ഥാപനത്തിന് പ്രസ്തുത സ്ഥലം ലഭ്യമായത് ഏത് വ്യവസ്ഥ പ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഭൂമി നിയമാനുസൃതമായിട്ടാണോ ഹിന്ദു വനിതാ സംഘം കൈവശം വച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; റവന്യൂഭൂമിയാണെങ്കിൽ അത് കൈവശപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>പുതിയ വില്ലേജ് രൂപീകരണം</u>

1216 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ കുറുവ വില്ലേജ് വിഭജിച്ച് പുതിയ ഒരു വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ;

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പട്ടയവിതരണത്തിലെ കാലതാമസം</u>

1217 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടയവിതരണത്തിലെ കാലതാമസം ഒഴിവാക്കുവാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ചിറ്റൂര്‍ താലൂക്കില്‍ പട്ടയത്തിനുള്ള എത്ര അപേക്ഷകളാണ് തീര്‍പ്പാക്കാനുള്ളത്; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ അപേക്ഷകള്‍ എന്ന് തീര്‍പ്പാക്കാന്‍ കഴിയും ആയതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ആലത്തൂർ നിയോജകമണ്ഡലത്തിലെ മലയോര മേഖലയിലെ കൈവശകൃഷിക്കാർക്ക് പട്ടയം</u>

1218 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ മലയോര മേഖലയിലെ കൈവശകൃഷിക്കാരായ 451 പേർക്ക് മുൻ സർക്കാരിന്റെ കാലത്ത് ജില്ലാകളക്ടർ ഓഫർ സർട്ടിഫിക്കറ്റ് വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കർഷകർക്ക് ഇപ്പോഴും പട്ടയം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്നത്തേക്ക് പട്ടയം നൽകുവാൻ സാധിക്കും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളിൽ കരം ഒടുക്കി ഒപ്പിട്ട് നൽകുവാൻ അധികാരമുളള ഉദ്യോഗസ്ഥർ</u>

1219 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ കരം ഒടുക്കി ഒപ്പിട്ട് നൽകുവാൻ അധികാരമുളള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ അഭാവം കാരണം വില്ലേജ് ഓഫീസിലെത്തുന്ന പൊതുജനങ്ങൾക്ക് കരം ഒടുക്കി വാങ്ങുവാൻ ബുദ്ധിമുട്ട് ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വില്ലേജ് ഓഫീസിലെ ജീവനക്കാരായ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാരെ (വില്ലേജ്മാൻ) കരം ഒടുക്കി നൽകുവാൻ അധികാരപ്പെടുത്തുവാൻ കഴിഞ്ഞ രണ്ട് ശമ്പള കമ്മീഷനുകൾ ശുപാർശ നൽകിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ജീവനക്കാരെക്കൂടി കരം ഒടുക്കി നൽകുവാൻ അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>വനഭൂമിയും റവന്യൂഭൂമിയും വേർതിരിക്കൽ</u>

1220 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ വെറ്റിലപ്പാറ, ഊർങ്ങാട്ടിരി, മുലേപ്പാടം എന്നിവിടങ്ങളിൽ ഭൂനികുതി സ്വീകരിക്കാത്തത് മൂലം പ്രസ്തുത പ്രദേശത്തുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് വനം വകുപ്പും റവന്യൂവകുപ്പും സംയുക്തമായി ചേർന്ന് വെരിഫിക്കേഷൻ നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ പ്രസ്തുത പ്രദേശത്തുള്ളവരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>മലബാർ മാർക്കറ്റീംഗ് കമ്മിറ്റിയ്ക്ക് നൽകിയ ഭൂമി</u>

1221 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിൽ മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ കീഴിൽ ഉണ്ടായിരുന്നതും പ്രസ്തുത സംവിധാനം ഇല്ലാതായതിനുശേഷം സർക്കാരിൽ നിക്ഷിപ്തവുമായ ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിയമോപദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഭൂമി വിട്ടുകിട്ടുന്നതിന് പേരാമ്പ്ര ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്ന ഈകാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ലാന്റ് ബാങ്ക്</u>

1222 ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് രൂപീകരിച്ച ലാന്റ് ബാങ്കിൽ എത്ര ഹെക്ടർ ഭൂമി ഉണ്ടായിരുന്നുവെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ വിതരണയോഗ്യമായ എത്ര ഹെക്ടർ ഭൂമിയാണുള്ളത് ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് മൊത്തം എത്ര ഹെക്ടർ പുറമ്പോക്ക് ഭൂമിയാണ് നിലവിലുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) സീറോ ലാന്റ് ലെസ് പദ്ധതിയിൻ കീഴിൽ വിതരണം ചെയ്യാൻ കഴിയുന്ന ഭൂമിയുടെ മൊത്തം അളവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇപ്രകാരം സീറോ ലാന്റ് ലെസ് പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്ഥലം നൊട്ടിഫൈ ചെയ്ത് ഭൂമി ഇല്ലാത്തവർക്ക് മുൻഗണനാ ക്രമത്തിൽ നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>ലാൻഡ് ബാങ്കുകൾ</u>

1223 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാൻഡ് ബാങ്കുകൾ നിലവിൽ വന്നത് എന്നാണ്;

(ബി) കഴിഞ്ഞ സർക്കാറിന്റെ കാലത്ത് ലാൻഡ് ബാങ്കിൽ എത്ര ഹെക്ടർ ഭൂമിയാണ് നിക്ഷേപിച്ചത്;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ലാൻഡ് ബാങ്കിൽ എത്ര ഭൂമി നിക്ഷിപ്തമാക്കി ;

(ഡി) ലാൻഡ് ബാങ്കിൽ നിക്ഷിപ്തമാക്കിയ ഭൂമിയിൽ നിന്നും മറ്റ് ആവശ്യത്തിന് ഭൂമി അനുവദിച്ചിട്ടുണ്ടോ എന്നും എങ്കിൽ ഏതെല്ലാം കാര്യങ്ങൾ എത്ര ഭൂമി നൽകി എന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>അനധികൃത മണൽകടത്ത്</u>

1224 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വാഹനത്തിന്റെ നമ്പരും ആർ. സെൽവരാജ് എം.എൽ.എയുടെ വിലാസവും ഉപയോഗിച്ച് മണൽ കടത്തുന്നതായ വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പാസ് ഉപയോഗിച്ച് എത്ര മണൽ കടത്തുകയുണ്ടായി;

(സി) അമരവിള അടക്കമുള്ള ചെക്ക് പോസ്റ്റുകളിൽ ഔദ്യോഗിക സംവിധാനങ്ങൾ ദുരുപയോഗം ചെയ്തുകൊണ്ട് ഇത്തരത്തിൽ നടക്കുന്ന ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയിലെ മണല്‍ ലേലം</u>

1225 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ വിവിധ പോലീസ് സ്റ്റേഷനുകളില്‍ പിടിച്ചെടുത്ത മണല്‍ മൊത്തമായി ലേലം ചെയ്യുന്നതിനെതിരെയുള്ള പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മണല്‍ സാധാരണക്കാര്‍ക്ക് വീട് നിര്‍മ്മിക്കുന്നതിനുള്ള ആവശ്യത്തിന് ലേലം ചെയ്യാന്‍ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി ഏറ്റെടുക്കുവാൻ നിയമ നിർമ്മാണം</u>

1226 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള എത്ര ഹെക്ടർ ഭൂമി നിലവിൽ വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പാട്ടത്തിനു നൽകിയിട്ടുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഓരോ ജില്ലയിലും പാട്ടക്കാലാവധി കഴിഞ്ഞിട്ടും കൈവശം വച്ചിരിക്കുന്ന ഭൂമി ഏതെല്ലാമെന്നും അവയുടെ പാട്ടക്കാലാവധി കഴിഞ്ഞത് എപ്പൊഴെന്നും വ്യക്തമാക്കുമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും പാട്ടക്കാരൻ കൈവശം വച്ചിരിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി സർക്കാരിലേക്ക് വിട്ടുതരാത്ത പാട്ടക്കാർക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുസ്വത്ത് കയ്യടക്കി വയ്ക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി ഏറ്റെടുക്കുവാനും നിയമ നിർമ്മാണം നടത്തുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

പാട്ടക്കരാർ അവസാനിച്ചിട്ടും റവന്യൂ വകുപ്പിന്
തിരികെ ലഭിക്കാത്ത ഭൂമി

1227 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സംസ്ഥാനത്തെ ഏതെല്ലാം ഭൂമികളാണ് പാട്ടക്കരാർ അവസാനിച്ചതിന് ശേഷവും റവന്യൂ വകുപ്പിൽ തിരികെ ലഭിച്ചിട്ടില്ലാത്തതെന്ന് വെളിപ്പെടുത്താമോ ;

(ബി) റവന്യൂ വകുപ്പിന് അർഹതപ്പെട്ടതും എന്നാൽ പാട്ടകരാർ നല്കിയിട്ടുള്ളതുമായ ഭൂമികളെ സംബന്ധിച്ച ജില്ല തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) റവന്യൂ വകുപ്പിനർഹമായിട്ടുള്ള എത്ര ഏക്കർ ഭൂമി കേസുകളുടെയും മറ്റും ഫലമായി കൈവശപ്പെടുത്താൻ കഴിയാതായിട്ടുണ്ടെന്നും അവ എത്ര ഏക്കർ വീതം ഓരോ ജില്ലയിലും ഉണ്ടെന്നും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

ഇടുക്കി ജില്ലയിലെ ദേവികുളം വട്ടമടയിൽ ഭൂമി കയ്യേറ്റം

1228 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം വട്ടടയിൽ മുന്നൂറ്റമ്പതോളം ഏക്കർ ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരായി കേസെടുക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഇന്റലിജൻസ് റിപ്പോർട്ട് ആഭ്യന്തര മന്ത്രിക്ക് ലഭിച്ചത് എപ്പോഴാണ് ; അതിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ; റവന്യൂ വകുപ്പിന് പ്രസ്തുത റിപ്പോർട്ട് കൈമാറിയിട്ടുണ്ടോ ;

(സി) ഭൂമി കൈവശപ്പെടുത്തിയ ആൾ സ്വന്തം പേരിലും കമ്പനിയുടെ പേരിലും ജോലിക്കാരായിട്ടുള്ളവരുടെ പേരിലും രജിസ്റ്റർ ചെയ്ത ഭൂമി എത്ര ഏക്കറാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

റവന്യൂ ഭൂമി കൈയ്യേറ്റം

1229 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ നടന്നതായിട്ടുള്ള റവന്യൂ ഭൂമി കയ്യേറ്റങ്ങൾ എത്രയാണ്; എത്ര ഏക്കർ ഭൂമിയിലാണ് കയ്യേറ്റങ്ങൾ നടന്നിട്ടുള്ളതായി കരുതപ്പെടുന്നത്;

(ബി) റവന്യൂ ഭൂമി കയ്യേറ്റങ്ങൾ സംബന്ധിച്ച് ഈ കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എത്ര?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരത്തെ ഓഫീസേഴ്സ് ക്ലബ്ബിന്റെ ഭൂമി സംബന്ധിച്ച വിശദാംശം</u>

1230 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ഓഫീസേഴ്സ് ക്ലബ്ബ് സ്ഥിതിചെയ്യുന്നത് എത്ര ഏക്കർ സ്ഥലത്താണ് ; ക്ലബ്ബ് ഇപ്പോൾ ആരുടെ ഉടമസ്ഥതയിലാണ് ;

(ബി) പ്രസ്തുത ക്ലബ്ബ് പാട്ടത്തുക ഇനത്തിൽ നല്കേണ്ട കുടിശ്ശിക എത്രയാണ് ;

(സി) ക്ലബ്ബ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) ഹൈക്കോടതി ഉത്തരവിന്റെയടിസ്ഥാനത്തിൽ പാട്ടഭൂമി തിരിച്ചെടുത്തിട്ടുണ്ടോ ; പാട്ടക്കുടിശ്ശിക ഈടാക്കിയിട്ടുണ്ടോ ; കോടതി വിധിക്ക് ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

കയ്യേറ്റക്കാരിൽ നിന്നും പിടിച്ചെടുത്ത ഭൂമി

1231 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഭൂമി കൈയ്യേറ്റക്കാർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) എത്ര ഹെക്ടർ ഭൂമി, കയ്യേറ്റക്കാരിൽ നിന്നും തിരിച്ചുപിടിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

ഹാരിസൺ മലയാളം ലിമിറ്റഡ്

1232 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ നിന്ന് റബ്ബർ മരങ്ങൾ വെട്ടിവിൽക്കുന്നതിന് ബന്ധപ്പെട്ട കമ്പനിയുടെ വെബ് സൈറ്റിൽ ടെൻഡർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുകയുണ്ടായോ;

(ബി) എങ്കിൽ ഏതെല്ലാം എസ്റ്റേറ്റുകളിൽ എത്ര വീതം മരങ്ങൾ മുറിച്ച് വില്ക്കാനാണ് കമ്പനി ശ്രമം നടത്തിയിരുന്നതെന്ന് വിശദമാക്കാമോ;

(സി) മരം മുറിച്ച വില്ക്കുന്നത് തടയാൻ സർക്കാർ സ്വീകരിച്ച നടപടി എന്താണ്;

(ഡി) ഹാരിസൺ മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വച്ചുവരുന്ന ഭൂമി ഏതൊക്കെയാണെന്നും എത്ര ഏക്കർ വീതം ഉണ്ടെന്നും അത് സംബന്ധിച്ച കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ കിനാലൂർ എസ്റ്റേറ്റ്</u>

1233 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കിനാലൂർ എസ്റ്റേറ്റ് വിൽപന നടത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കിനാലൂർ എസ്റ്റേറ്റിന് എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വെളിപ്പെടുത്താമോ; എസ്റ്റേറ്റിലെ മരങ്ങൾക്ക് കണക്കാക്കപ്പെട്ട വില എത്രയാണ്;

(സി) കിനാലൂർ എസ്റ്റേറ്റ് വില്പന നടത്താനുള്ള സാഹചര്യം എന്തായിരുന്നു;

(ഡി) റവന്യൂ വകുപ്പിനു കീഴിലുള്ള മറ്റേതെങ്കിലും എസ്റ്റേറ്റുകളോ; ഭൂമിയോ വിലപ്ന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>റവന്യൂ ഭൂമി പതിച്ച് നൽകുന്ന നടപടി</u>

1234 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം റവന്യൂ ഭൂമി ഏതെല്ലാം സംഘടനകൾക്കും, ട്രസ്റ്റുകൾക്കും പതിച്ച് നൽകുന്നതിനായി തീരുമാനം എടുത്തു ;

(ബി) ഏതെല്ലാം സർവേ നമ്പറുകളിൽപ്പെട്ട എത്ര സെന്റ് ഭൂമി വീതമാണ് പതിച്ച് നല്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) റവന്യൂ ഭൂമി പതിച്ച് നൽകുന്നതിലേക്ക് എത്ര ട്രസ്റ്റുകളുടെയും സംഘടനകളുടെയും അപേക്ഷകൾ ഇപ്പോൾ പരിഗണനയിലുണ്ട് ; അവ ഏതെല്ലാം ;

(ഡി) ഭൂരഹിതരായ എത്ര പേരുടെ അപേക്ഷകൾ പരിഗണനയിലുണ്ട് ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>താനൂർ തീരപ്രദേശത്ത് പട്ടയം ലഭിക്കാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ</u>

1235 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ തീരപ്രദേശത്ത് ഇനിയും പട്ടയം ലഭിക്കാത്ത മത്സ്യത്തൊഴിലാളികളുണ്ടെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പട്ടയം ലഭിച്ചിട്ടില്ലാത്ത എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് താനൂർ നിയോജകമണ്ഡലത്തിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്ക് എന്നുമുതൽക്ക് പട്ടയം നൽകാനാകുമെന്ന് വെളിപ്പെടുത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>കൈവശ ഭൂമിക്ക് പട്ടയം</u>

1236 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ബി) 1.1.2010 ന് ശേഷം എത്ര കൈവശ ഭൂമിക്കാണ് ചിറ്റൂർ താലൂക്ക് പരിധിയിൽ പട്ടയം നൽകിയിട്ടുള്ളത് ; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>ഭൂവിനിയോഗ നിയമം</u>

1237 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂവിനിയോഗ നിയമം ഉണ്ടാക്കുന്നതിനായി നിയമ വകുപ്പ് തയ്യാറാക്കിയ കരട് ബില്ല് റവന്യൂ വകുപ്പിന്റെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അയച്ചുതരുകയുണ്ടായോ;

(ബി) റവന്യൂ വകുപ്പ് കരട് ബില്ലിനെക്കുറിച്ച് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നല്കുകയുണ്ടായോ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റോഡ് പദ്ധതിക്കുവേണ്ടി ഭൂമി നൽകിയവർക്കുള്ള നഷ്ടപരിഹാരം</u>

1238 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനർ റോഡ് പദ്ധതിക്കു വേണ്ടി ഭൂമി നൽകിയ ജനങ്ങൾക്ക് അർഹമായ നഷ്ട പരിഹാര തുക വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഭൂമി നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായി നഷ്ടപരിഹാരം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഉടമസ്ഥ തർക്കം സംബന്ധിച്ച കേസുകൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കേസുകൾ വേഗത്തിൽ തീർപ്പാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ഭൂരഹിതർക്ക് പട്ടയം നൽകുന്നപദ്ധതി</u>

1239 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതർക്ക് പട്ടയം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ നിയോജക മണ്ഡലത്തിലെ എത്രപേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

<u>മാതൃകാ വില്ലേജ് ആഫീസുകൾ</u>

1240 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ വില്ലേജാഫീസുകളായി പ്രഖ്യാപിച്ച എത്ര വില്ലേജ് ഓഫീസുകൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) മാതൃകാ വില്ലേജ് ഓഫീസുകൾ വഴി പൊതുജനങ്ങൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കുക എന്ന് വ്യക്തമാക്കുമോ ;

(സി) പേരാമ്പ്ര മണ്ഡലത്തിലെ മേഞ്ഞാണ്യം വില്ലേജ് ഓഫീസ് മാതൃകാ വില്ലേജ് ഓഫീസായി പ്രഖ്യാപിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

കുമളി 33 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം

1241 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അർജൻസി ക്ലോസ് മുഖേന ഭൂമി പൊന്നും വിലയ്ക്ക് ഏറ്റെടുക്കുമ്പോൾ തണ്ണീർതട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താതെ ഭൂമി ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) കുമളി 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ ഏതു ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>യൂണിക് തണ്ടപ്പേര് നമ്പർ കാർഡ്</u>

1242 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന യൂണിക് തണ്ടപ്പേര് നമ്പർ കാർഡിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഏത് പദ്ധതിയുടെ ഭാഗമായാണ് പ്രസ്തുത പരിഷ്കരണം ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി എന്തു തുക വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ഭൂരഹിതരുടെ പട്ടിക</u>

1243 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരുടെ പട്ടിക പുറത്തിറക്കിയിട്ടുണ്ടോ;

(ബി) എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പട്ടിക തയ്യാറാക്കിയതെന്ന് വിശദമാക്കുമോ;

(സി) പട്ടികയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇവർക്ക് ഭൂമിയും, ഭൗതിക സാഹചര്യങ്ങളും എന്ന് നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡ്

1244 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്നും പാലം പണി ആരംഭിക്കണമെന്നും ആവശ്യപ്പെട്ട് വിവിധ ജനവിഭാഗങ്ങൾ പ്രക്ഷോഭത്തിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സമയബന്ധിതമായി ഭൂമി ഏറ്റെടുത്ത് നൽകുവാൻ ഊർജ്ജിത നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>അവകാശികളില്ലാത്ത സ്ഥലം സർക്കാർ ഏറ്റെടുക്കുന്ന നടപടി</u>

1245 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിലെ പൂനേരിക്കുന്നുമ്മൽ കണ്ണൻ മാസ്റ്ററുടെ പേരിലുണ്ടായിരുന്ന അവകാശികളില്ലാത്ത സ്ഥലം എത്രയുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; ഇതിന് എന്ത് മതിപ്പുവില വരുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥലം സർക്കാർ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുളള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>ഓൺലൈൻ റവന്യൂ വകുപ്പ് - സേവനങ്ങൾ</u>

1246

ശ്രീ. അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, വർക്കല കഹാർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ സേവനങ്ങൾ ഓൺലൈൻ വഴി ആക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം സേവനങ്ങളാണ് ഓൺലൈൻ വഴി ലഭിക്കുന്നത്;

(സി) ഓൺലൈൻ വഴി ലഭിക്കുന്ന ഏതെല്ലാം സേവനങ്ങൾക്ക് ആധികാരികത ഉണ്ട്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെ യാണ് ഇത് നടപ്പാക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

വില്ലേജ് ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം

1247 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണ് എന്നറിയിക്കുമോ;

(ബി) വില്ലേജ് ആഫീസുകളുടെ കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തു തുക ചെലവഴിച്ചു എന്നറിയിക്കുമോ;

(സി) ഏതൊക്കെ ഏജൻസികൾക്കാണ് തുക നൽകിയത്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) എത്ര വില്ലേജ് ആഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി;

(ഇ) സംസ്ഥാനത്തെ എല്ലാ വില്ലേജാഫീസുകളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള പ്രവർത്തനം ഏപ്പോൾ പൂർത്തികരിക്കുവാൻ കഴിയും എന്നറിയിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>വസ്തുക്കളുടെ ന്യായവില</u>

1248 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ എണ്ണയ്ക്കാട് വില്ലേജിൽ കോട്ടൂർ വീട്ടിൽ മാത്യു മകൻ കൊച്ചുകുഞ്ഞും സഹോദരങ്ങളും കൂടി ബ്ലോക്ക് നമ്പർ 4-ൽ റീസർവ്വേ നമ്പർ (140/2, 140/3) വസ്തുക്കളുടെ ന്യായവില തിട്ടപ്പെടുത്തിയതിലെ പിശക് തിരുത്തുവാനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; മറുപടി നൽകുന്നതിൽ കാലതാമസം ഉണ്ടാകുവാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വസ്തുക്കൾക്ക് ന്യായവിലയായി 6000, 60,000 എന്നിങ്ങനെ വിലവ്യത്യാസം വന്നത് എങ്ങനെ എന്ന് വ്യക്തമാക്കുമോ;

(സി) ആയത് പരിഹരിച്ച് നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>മലയോര മേഖലയിൽ ഉണ്ടാകുന്ന ഭൂകമ്പങ്ങൾ</u>

1249 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മലയോര മേഖലയിൽ അടിക്കടി ഭൂകമ്പങ്ങൾ ഉണ്ടാകുന്നത് ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് വിദഗ്ദരുടെ അഭിപ്രായങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) ഭൂകമ്പങ്ങളുണ്ടാകുമ്പോഴുളള നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിന് മുൻകരുതൽ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഭൂകമ്പങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മലയോര മേഖലയിൽ സ്ഥിതിചെയ്യുന്ന ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് പഠനം നടത്തി മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>ഉരുൾപൊട്ടലുകളും മലവെള്ളപ്പാച്ചിലും</u>

1250

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്ത് കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിൽ ഉൾപ്പെടെ ഏതെല്ലാം സ്ഥലങ്ങളിൽ ഉരുൾപൊട്ടലുകളും മലവെള്ളപ്പാച്ചിലും ഉണ്ടാവുകയുണ്ടായി; ഇതിൽപ്പെട്ട് മരണപ്പെട്ടവർ എത്ര; എത്ര വീടുകളും കടകളും മറ്റ് കെട്ടിടങ്ങളും നശിക്കുകയുണ്ടായി;

(ബി) ഓരോ സ്ഥലത്തെയും നാശനഷ്ടങ്ങൾ സംബന്ധിച്ച വിശദമായ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ജീവനും സ്വത്തിനും നഷ്ടങ്ങളുണ്ടായവരുടെ ആശ്രിതർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കുകയുണ്ടായി; കണക്കാക്കപ്പെട്ട നാശങ്ങൾക്കനുസൃതമായി സഹായം ലഭ്യമാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>പയ്യോളി പഞ്ചായത്തിൽ വേനൽ മഴയിലുണ്ടായ നാശത്തിന് നഷ്ടപരിഹാരം</u>

1251 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യോളി പഞ്ചായത്തിൽ വേനൽ മഴയിലുണ്ടായ നാശനഷ്ടത്തിന് പരിഹാരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിട്ടുളള നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ;

(ബി) നാശനഷ്ടം സംഭവിച്ചവർക്ക് എന്ത് നഷ്ടപരിഹാരം ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി</u>

1252 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ആകെ എത്ര തുക അനുവദിച്ചെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ പ്രവർത്തിക്കും തുക അനുവദിച്ചു കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വഴി കാസർഗോഡ് ജില്ലയിൽ നിർമ്മാണമാരംഭിച്ച പാലങ്ങൾ</u>

1253 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വഴി സംസ്ഥാനത്ത് അനുവദിച്ച നടപ്പാലങ്ങളിൽ കാസർഗോഡ് ജില്ലയിൽ ആരംഭിച്ച പാലങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

കൊടുവള്ളി മിനി സിവിൽ സ്റ്റേഷൻ

1254 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മിനി സിവിൽ സ്റ്റേഷനിൽ ഏതെല്ലാം ഓഫീസുകൾ ഏതെല്ലാം നിലയിലാണ് വിഭാവനം ചെയ്തിരിക്കുന്നത് ;

(ബി) ഇതിൽ ഏതെല്ലാം ഓഫീസുകളാണ് ഇതുവരെയായി നിശ്ചിത സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുള്ളത് ;

(സി) എല്ലാ ഓഫീസുകളും ഇവിടേക്ക് മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കൊടകര ടൗണിൽ മിനി സിവിൽസ്റ്റേഷൻ</u>

1255 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊടകര ടൗണിൽ, കൊടകര വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന റവന്യൂ വക സ്ഥലത്ത് മിനിസിവിൽസ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

<u>അടൂർ ഫയർസ്റ്റേഷന് ഭൂമി</u>

1256 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ ഫയർസ്റ്റേഷന് ഭൂമി ലഭ്യമാക്കുന്നതിന് വേണ്ടി റവന്യൂ വകുപ്പിന്റെ ഭൂമി കൈമാറ്റ നടപടിക്രമങ്ങൾ വർഷങ്ങളായി പൂർത്തീകരിക്കാനാവാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അനുബന്ധ ഭൂമി കൈമാറ്റ നടപടിക്രമം വേഗത്തിൽ പൂർത്തികരിക്കുന്നതിന് വേണ്ടി നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്ന് പ്രസ്തുത നടപടിക്രമം പൂർത്തിയാക്കുവാൻ സാധിക്കുമെന്നറിയിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കേന്ദ്ര സര്‍വ്വകലാശാലയ്ക്ക് തിരുവല്ലയില്‍ അനുവദിച്ച ഭൂമി</u>

1257 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍വ്വകലാശാലയ്ക്ക് തിരുവല്ലയില്‍ 10 ഏക്കര്‍ ഭൂമി അനുവദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ആരുടെ അപേക്ഷ പ്രകാരമാണ് പ്രസ്തുത ഭൂമി നല്‍കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) എന്ത് ആവശ്യത്തിനാണ് തിരുവല്ലയില്‍ കേന്ദ്രസര്‍വ്വകലാശാലയ്ക്ക് 10 ഏക്കര്‍ ഭൂമി നല്‍കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥലം അനുവദിച്ചു നല്‍കിക്കൊണ്ടുള്ള സര്‍ക്കാര്‍ ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

പ്രത്യേക പ്രോജക്ടുകൾക്ക് റവന്യൂ വകുപ്പ് ഏറ്റെടുത്തു നൽകുന്ന ഭൂമി

1258 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ കീഴിൽ ആരംഭിക്കുന്ന പ്രത്യേക പ്രോജക്ടുകൾക്കായി റവന്യൂ വകുപ്പ് ഏറ്റെടുത്ത് നൽകുന്ന ഭൂമി, പ്രോജക്ട് കാലാവധി കഴിഞ്ഞാൽ റവന്യൂ വകുപ്പിന് തിരിച്ചു നൽകണമെന്ന ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള ഏതെല്ലാം പ്രോജക്ടുകളുടെ ഭൂമിയാണ് റവന്യൂ വകുപ്പിന് തിരികെ ലഭിക്കാനുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) 30–10–1967–ലെ ജി.ഒ.(എംഎസ്) 630/97/ആർഡി നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; പ്രസ്തുത ഉത്തരവ് ഇന്നും നിലനിൽക്കുന്നുണ്ടോ; അതു പ്രകാരമുളള തീരുമാനങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഭൂമി നികത്തൽ</u>

1259 ശ്രീ; കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഭൂമി മണ്ണിട്ടു നികത്താൻ അനുമതി നൽകിയിട്ടുണ്ട് ;

(ബി) എന്തു മാനദണ്ഡത്തെ അടിസ്ഥാനമാക്കിയാണ് ഉത്തരവ് നൽകിയിട്ടുള്ളത് ;

(സി) കൃഷിയ്ക്ക് യോഗ്യമല്ലാത്ത സ്ഥലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് മണ്ണിട്ട് നികത്താൻ അനുമതി നൽകുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>നെൽവയൽ ഡാറ്റാ ബാങ്ക്</u>

1260 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയൽ ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>നെൽവയൽ – നീർത്തട സംരക്ഷണ നിയമം</u>

1261 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2008 –ലെ നെൽവയൽ – നീർത്തടസംരക്ഷണ നിയമം നിലവിൽ വന്നതിനുശേഷം പഞ്ചായത്തുകളിൽ 10 സെന്റിനുമുകളിലും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ അഞ്ചു സെന്റിനു മുകളിലും നെൽവയൽ നികത്തുന്നതിനുള്ള എത്ര ശുപാർശകൾ ലഭിച്ചുവെന്നും ഏതെങ്കിലും ശുപാർശ അംഗീകരിച്ചിട്ടുണ്ടോ യെന്നും വ്യക്തമാക്കുമോ;

(ബി) ഏത് ഉത്തരവിൻപ്രകാരം എന്ത് ആവശ്യത്തിനായാണ് ഇത്തരം ശുപാർശകൾ അംഗീകരിച്ചു നൽകിയതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

നെൽവയൽ നികത്തുന്നതിനെതിരെ നടപടി

1262 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2008–ലെ നെൽവയൽ തണ്ണീർത്തട നിയമം പാസ്സാക്കുമ്പോൾ എത്ര ഹെക്ടർ നെൽകൃഷി ഭൂമി ഉണ്ടായിരുന്നു ; വിശദമാക്കുമോ ;

(ബി) ഇപ്പോൾ എത്ര ഹെക്ടർ ഭൂമി നിലവിലുണ്ട് എന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ നികത്തപ്പെട്ടിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ഡി) നെൽവയൽ നികത്തുന്നതിനെതിരെ എടുത്ത നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ നെൽവയൽ നികത്തൽ</u>

1263 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയൽ – നീർത്തട സംരക്ഷണ നിയമ പ്രകാരം ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുകയും നിരീക്ഷണ സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇതിനു കാലതാമസം നേരിടുന്നത് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നിയമം പ്രാവർത്തികമാക്കാത്തതുമൂലം പാലക്കാട് ജില്ലയിൽ എത്ര ഹെക്ടർ നിലമാണ് 2011 മെയ് മാസത്തിനുശേഷം നികത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കാലയളവിൽ അനധികൃതമായി നെൽവയൽ നികത്തിയതിന് എത്ര കേസുകൾ പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഇ) നികത്തിയ നെൽവയലുകൾ പൂർവ്വ സ്ഥിതിയിലാക്കിയിട്ടുള്ള ഏതെങ്കിലും കേസുകൾ ഉണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

## പരിവർത്തനപ്പെടുത്തിയ ഭൂമിയുടെ വിശദാംശം

1264

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2008 – ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമം നടപ്പിൽ വന്നതിനു ശേഷം സംസ്ഥാനത്ത് നെൽവയലുകൾ പരിവർത്തനപ്പെടുത്തിയതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഇത്തരത്തിൽ പരിവർത്തനപ്പെടുത്തിയ ഭൂമിയുടെ വിസ്തൃതി എത്രയെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) 2008 – ലെ നെൽവയൽ – നീർത്തട സംരക്ഷണ നിയമം നടപ്പിൽ വന്നതിനു ശേഷം സംസ്ഥാനത്ത് ആകെ പരിവർത്തനപ്പെടുത്തിയ നെൽവയലുകളുടെ വിസ്തൃതി എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം</u>

1265 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതിന് ശേഷം ഇതേവരെ സർക്കാരിന്റെയും അല്ലാത്തതുമായ ഏതെല്ലാം പദ്ധതികൾക്ക് പ്രസ്തുത നിയമത്തിന്റെ വ്യവസ്ഥകളിൽ എക്സംഷൻ നല്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) എക്സംഷൻ ലഭിക്കുന്നതിലേയ്ക്കുള്ള എത്ര അപേക്ഷകൾ ഇപ്പോഴും പെന്റിങ്ങിലുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ;

(സി) ഏതെല്ലാം ഐ.ടി. പദ്ധതികളെയും വ്യവസായ പദ്ധതികളെയും ടൂറിസം പദ്ധതികളെയും നിയമവ്യവസ്ഥയിൽനിന്നും ഒഴിവാക്കി കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട് ;

(ഡി) മന്ത്രിസഭാ തീരുമാനം അനുസരിച്ച് എക്സംഷൻ നല്കിയ അപേക്ഷകൾ ഏതൊക്കെയാണ് ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

ചിറ്റൂർ താലൂക്ക് പരിധിയിലെ നിലം നികത്തൽ

1266 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം നടപ്പിൽ വന്നതിന് ശേഷം ചിറ്റൂർ താലൂക്ക് പരിധിയിൽ എത്ര ഏക്കർ നിലം നികത്തിയിട്ടുണ്ട്;

(ബി) വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

## <u>ടാങ്കർ ലോറി അപകടങ്ങൾ</u>

1267 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ടാങ്കർ ലോറി അപകടങ്ങൾ നടന്നു; ഇതിൽ എത്രപേർക്ക് ജീവൻ നഷ്ടപ്പെട്ടെന്ന് വ്യക്തമാക്കുമോ; ഓരോ സംഭവങ്ങളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ടാങ്കർ ലോറി അപകടങ്ങൾ ആവർത്തിക്കാതിരിക്കാനും അപകരത്തിൽ മരണമടഞ്ഞവർക്കും പരിക്കേറ്റവർക്കും ധനസഹായമെത്തിക്കുന്നതിനും എത്ര തവണ ഉന്നതതലയോഗങ്ങൾ ചേർന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത യോഗങ്ങളിൽ ആരെല്ലാം പങ്കെടുത്തുവെന്നും, എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(ഡി) ടാങ്കർ ലോറി അപകടങ്ങളിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും, കഷ്ടനഷ്ടങ്ങൾ സംഭവിച്ചവർക്കും ഇതിനകം എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

ചാലദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് സർക്കാർ സഹായം

1268 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാല ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് എന്ത് സഹായമാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ;

(ബി) വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസവും പുതിയ വീട് നിർമ്മിക്കലും ഏത് ഘട്ടത്തിലാണ് ; പുനരധിവാസ പാക്കേജിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ദുരന്തത്തിനിരയായവർക്ക് നൽകേണ്ട നഷ്ടപരിഹാരത്തിനും പുനരധിവാസ പാക്കേജിനും എത്ര കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; ഇതിൽ എത്ര കോടി രൂപ ഇതിനകം ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ; കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിക്കുകയുണ്ടായോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>ചാല ദുരന്തം</u>

1269 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാല ദുരന്തം ഉണ്ടാകാനിടയായ കാരണങ്ങൾ സർക്കാർ പരിശോധിക്കുകയുണ്ടായോ; ദുരന്തം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) ദുരന്തം സംബന്ധിച്ച് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;ഐ. ഒ. സി. യിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കുകയുണ്ടായോ;

(സി) ടാങ്കർ ലോറി ദുരന്തങ്ങൾമൂലം ജനങ്ങളിലുണ്ടായിട്ടുള്ള ആശങ്കയകറ്റുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ടോറൻസ് സമ്പ്രദായം</u>

1270 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടോറൻസ് സമ്പ്രദായം ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണെന്നറിയിക്കുമോ;

(ബി) പ്രസ്തുത ആഫീസുകളിൽ എത്ര ജീവനക്കാരെയാണ് നിയമിച്ചിട്ടുളളത്; അവർ ഏതൊക്കെ തസ്തികകളിലാണെന്ന് അറിയിക്കാമോ;

(സി) പ്ലാൻ ഫീസ് നിലവിൽ എത്ര രൂപയാണെന്നും, ഫീസ് അവസാനം വർദ്ധിപ്പിച്ചത് എപ്പോഴാണെന്നും അറിയിക്കുമോ;

(ഡി) ഇത്തരത്തിൽ ഫീസ് വർദ്ധിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഫീസിനത്തിൽ ഇക്കഴിഞ്ഞ ഒരു വർഷം സംസ്ഥാനത്ത് എന്ത് തുക ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ ;

(എഫ്) ടോറൻസ് സമ്പ്രദായം സംസ്ഥാനത്ത് മുഴുവൻ വ്യാപിപ്പിക്കുന്നതിനുളള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>അങ്കമാലി ടോറൻസ് ഓഫീസിന്റെയും ആലുവ താലൂക്ക് ഓഫീസിന്റെയും പ്രവർത്തനം</u>

1271 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ടോറൻസ് ഓഫീസിനു കീഴിൽ എത്ര ലൈസൻസ്ഡ് സർവ്വേയർമാർ ഉണ്ടെന്ന് വ്യക്തമാക്കമോ;

(ബി) അവരിൽ ആരുടെയെങ്കിലും ലൈസൻസ് റദ്ദാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ അത് ആരുടേതാണെന്നും കാരണമെന്തന്നും വ്യക്തമാക്കാമോ;

(ഡി) വസ്തു അളക്കുവാനും പോക്കുവരവ് ചെയ്ത് കിട്ടുവാനും അങ്കമാലി ടോറൻസ് ഓഫീസിലും ആലുവ താലൂക്ക് ഓഫീസിലും സമർപ്പിക്കുന്ന അപേക്ഷകളിൽ തീർപ്പു കല്പിച്ചു കിട്ടുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ടോറൻസ് ഓഫീസിലും താലൂക്ക് ഓഫീസിലും ഇത് സംബന്ധിച്ച് നടക്കുന്ന ക്രമക്കേടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>റീസർവ്വെ നടപടികൾ</u>

1272 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകൾ എത്രയാണ്; റിസർവ്വേ ആരംഭിച്ചത് എന്നു മുതലാണ്;

(ബി) റീസർവ്വേ ജോലിക്കൾക്കായി സംസ്ഥാനത്ത് നിയോഗിക്കപ്പെട്ടവർ എത്രയായിരുന്നു; എത്ര ആഫീസുകൾ ഇതിനായി പ്രവർത്തിച്ചു വന്നിട്ടുണ്ടായിരുന്നു;

(സി) റീസർവ്വേ നടപടികൾ ഇപ്പോഴും പൂർത്തിയാക്കിയിട്ടില്ലാത്ത വില്ലേജുകൾ എത്രയാണ്;

(ഡി) റീസർവ്വേ നടപടികൾ സ്വകാര്യ ഏജൻസിയെ എൽപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(ഇ) നിലവിലുള്ള സംവിധാനത്തിന് പകരം സ്വകാര്യ ഏജൻസിയെ റിസർവ്വേ നടത്താൻ ചുമതലപ്പെടുത്തുന്നത് എന്ത് ഉദ്ദേശത്തോടെയാണ്?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് റീസര്‍വ്വേ അവസാനിപ്പിച്ച നടപടി</u>

1273 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് റീ സര്‍വ്വേ അവസാനിപ്പിച്ചുകൊണ്ട് പുറത്തിറക്കിയ ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ;

(ബി) ഇനിമുതല്‍ സര്‍ക്കാര്‍ ഭൂമി മാത്രം റീ സര്‍വ്വേ ചെയ്താല്‍ മതിയെന്നും സ്വകാര്യ വ്യക്തികള്‍ സ്വന്തം നിലയില്‍ അപേക്ഷ സമര്‍പ്പിക്കണമെന്നും ഉത്തരവിറക്കാനിടയായ സാഹചര്യം വെളിപ്പെടുത്തുമോ;

(സി) റീ സര്‍വ്വെ നിര്‍ത്തുന്നതോടെ നിലവിലുള്ള തസ്തികകള്‍ എങ്ങനെ നിലനിര്‍ത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടത്തുമോ;

(ഡി) റീ സര്‍വ്വെ സ്വകാര്യ വല്‍ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

റീസർവ്വേ നിർത്താലാക്കിയ സാഹചര്യം

1274 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവ്വേ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 31.10.2012-ലെ 409/12 നമ്പർ ഉത്തരവിനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിൽ പറയുന്ന ഉദ്യോഗസ്ഥ പുനർവിന്യാസം, ആഫീസുകളുടെ പുന:ക്രമീകരണം എന്നിവ ഏതു തരത്തിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; ആയതിന്റെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അറിയിക്കുമോ;

(സി) റീസർവ്വേ നിറുത്തലാക്കാതെ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

റീസർവ്വേ സർക്കാർ ഭൂമിയിൽ മാത്രമായി പരിമിതപ്പെടുത്തിയത് പുന:പരിശോധിക്കാൻ നടപടി

1275 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീ സർവ്വേ സർക്കാർ ഭൂമിയിൽ മാത്രമായി പരിമിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരമൊരു തീരുമാനമെടുക്കാൻ കാരണമെന്താണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത തീരുമാനം ഭൂമികേരളം പരിപാടിയെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത തീരുമാനം പുന:പരിശോധിക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

റീസർവ്വേ നിർത്തലാക്കിയ നടപടി

1276 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമി റീസർവ്വേ നടത്തുന്നത് നിർത്തലാക്കി ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) 1966-67 കാലയളവിൽ ആരംഭിച്ച റീസർവ്വേ പ്രവർത്തനങ്ങൾ എത്രമാത്രം പുരോഗമിച്ചിരുന്നുവെന്നും എത്ര മാത്രം ഭൂമി അളന്ന് തിട്ടപ്പെടുത്തി വ്യക്തമായ റവന്യൂ രേഖകൾ പൂർണ്ണമായ തലത്തിൽ തയ്യാറാക്കിയെന്നും അറിയിക്കുമോ; ഈ നടപടികൾക്കായി ഇതുവരെ എന്തു തുക ചെലവായെന്നു വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ ഭൂമിയുടെ റീസർവ്വേ നടപടികൾ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ; സ്വകാര്യ വ്യക്തികൾ കൈയേറി കൈവശം വച്ചരിക്കുന്ന സർക്കാർ ഭൂമി ഇനി എങ്ങനെ തിട്ടപ്പെടുത്തി സർക്കാരിലേയ്ക്ക് വീണ്ടെടുക്കുമെന്നു വ്യക്തമാക്കാമോ;

(ഡി) റീസർവ്വേ നിർത്തലാക്കിയ നടപടിയിലൂടെ തസ്തികകൾ ഇല്ലാതാക്കി സർവ്വേയർമാരുടെ നിയമനം അട്ടിമറിക്കാനുമുള്ള ശ്രമമാണ് നടക്കുന്നതെന്നുള്ള ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ തീരുമാനം പുന:പരിശോധിക്കുമോ;

(ഇ) നിലവിൽ റവന്യൂ രേഖകളുടെയും സ്കെച്ചിന്റെയും അഭാവമുള്ളതിനാൽ പോക്കുവരവ്, കൈവശരേഖകൾ, സ്കെച്ചുകൾ തുടങ്ങിയവ വില്ലേജ് ഓഫീസുകളിൽ നിന്നും മറ്റ് റവന്യൂ ഓഫീസുകളിൽ നിന്നും എങ്ങനെ ലഭിക്കുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

താലൂക്ക് ഓഫീസിലെ സർവ്വേ വിഭാഗത്തിൽ നേരിടുന്ന കാലതാമസം

1277 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വന്തം ഭൂമിയുടെ അളവും അതിരുകളും പുനർനിർണ്ണയിക്കുന്നതിനും അതിർത്തി തർക്കങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി താലൂക്ക് ഓഫീസിലെ സർവ്വേ വിഭാഗത്തിൽ അപേക്ഷ നൽകിയും പണമടച്ചും കാത്തിരിക്കുന്ന നിരവധി കേസുകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കെച്ചുകൾ ലഭ്യമല്ല എന്ന കാരണത്താൽ നടപടികൾ ദീർഘിപ്പിക്കുകയാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) റീസർവ്വേ നടപടികൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇത് എങ്ങനെ പരിഹരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സ്വന്തം ഭൂമി അളന്ന് അതിരുകൾ തിട്ടപ്പെടുത്തിയ സ്കെച്ച് ഇനിമുതൽ എങ്ങനെയാണ് ഒരു കക്ഷിക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; അടിയന്തിര സ്വഭാവമുള്ള ഇത്തരം ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

റീസർവ്വേ അപാകത പരിഹരിക്കാൻ നടപടി

1278 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീസർവ്വേയിൽ ഉണ്ടായ അപാകത പരിഹരിച്ചു നൽകണം എന്ന് ആവശ്യപ്പെട്ട് ശ്രീ. സാബു തങ്കപ്പൻ, മഞ്ഞപ്പള്ളി കുന്നേൽ, രാമക്കൽമേട് എന്നയാൾ നിവേദനം നൽകിയിട്ടുണ്ടോ;

(ബി) നിവേദനത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) നിവേദനത്തിൽ പറയുന്ന അപാകത പരിഹരിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) റീ സർവ്വേയിൽ ഉണ്ടായ അപാകത നീക്കുന്നതിന് ബന്ധപ്പെട്ട താലൂക്ക് ഓഫീസിൽ നിന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(ഇ) അപാകത അടിയന്തിരമായി പരിഹരിച്ചു നൽകുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ചരക്ക് വാഹനങ്ങളിൽ കൊണ്ടുപോകുന്ന വസ്തുക്കളുടെ പരിശോധന</u>

1279 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോറികളിലും മറ്റ് ചരക്ക് വാഹനങ്ങളിലും അളവുകളോടെ കൊണ്ടുപോകുന്ന വസ്തുക്കൾ പരിശോധിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന് അധികാരം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള അധികാരം ഇപ്പോൾ ആർക്കാണ് നൽകിയിട്ടുള്ളത്;

(സി) ലോറികളിലേയും മറ്റ് ചരക്ക് വാഹനങ്ങളിലേയും മണലിന്റെയും കല്ലിന്റെയും മറ്റും അളവ് അടി, ക്യൂബിക് മീറ്റർ എന്നത് ഒഴിവാക്കി തൂക്കത്തിൽ കണക്കാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഇതിന്റെ പരിശോധനക്ക് ലീഗൽ മെട്രോളജി വകുപ്പിനെ ചുമതലപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കയർ ഉല്പന്ന വിപണന കേന്ദ്രങ്ങൾ</u>

1280

ശ്രീ. വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ ഉല്പന്നങ്ങൾ വീടുകളിലെത്തിക്കാൻ എന്തെല്ലാം പദ്ധതികളാണ് കയർ ബോർഡ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഇതിനായി പ്രാദേശികതലങ്ങളിൽ കയർ ഉൽപന്ന വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണം ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>കയർ മേഖലയുടെ വികസനം</u>

1281 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ കയർ മേഖലയുടെ വികസനത്തിനായി എങ്ങനെ പ്രയോജനപ്പെടുത്തുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) കയർ ഭൂവസ്ത്രം, കയർ അനുബന്ധ വാഹന സാമഗ്രികൾ, ഫ്ളോർ ടൈൽസ്, പാനൽ, റൂഫ് ടൈൽസ് എന്നിവയുടെ ഉല്പാദനം സംബന്ധിച്ച് എന്തെല്ലാം ഗവേഷണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും പ്രധാനപ്പെട്ട ഗവേഷണ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) കയറിന്റെ ഉത്പാദനത്തിനായുള്ള മൊബൈൽ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ മൊബൈൽ യൂണിറ്റ് മുഖേന കൂടുതൽ ഉൽപാദനം നടത്തുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കയർ ഉല്പന്നങ്ങളുടെ കയറ്റുമതിയും</u>
<u>വൈവിധ്യവൽക്കരണവും</u>

1282 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-ൽ കയർ ഉല്പന്നങ്ങളുടെ കയറ്റുമതിയിലൂടെ എത്ര കോടി രൂപ ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ മുൻ വർഷങ്ങളേക്കാൾ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കയർ ഉല്പന്നങ്ങളുടെ വൈവിധ്യവൽകരണത്തിനുവേണ്ടി സർക്കാർ ആവിഷ്കരിച്ചിട്ടുളള നൂതന പദ്ധതികളേതെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>തൊണ്ട് സംഭരണ പദ്ധതി</u>

1283 ശ്രീ. സി. പി. മുഹമ്മദ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പരിഷ്കരിച്ച പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പുതുക്കിയ പദ്ധതി എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

<u>തൊണ്ട് സംഭരണ പദ്ധതി</u>

1284 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊണ്ട് സംഭരണ പദ്ധതിപരിഷ്കരിച്ചിട്ടുണ്ടോ;

(ബി) പരിഷ്കരിച്ച പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുളളത്; വിശദമാക്കുമോ;

(ഡി) പുതുക്കിയ പദ്ധതി എന്നു മുതലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ ?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

കയർപിരി മേഖലയുടെ സംരക്ഷണം

1285 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഏറ്റവും കുറഞ്ഞ ദിവസവേതനം നിലനിൽക്കുന്നത് കയർപിരി മേഖലയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) കയർ പിരി മേഖലയെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും പ്രത്യേക പദ്ധതികൾ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഇൻകം സപ്പോർട്ട് സ്കീം</u>

1286 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ ഇപ്പോൾ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തൊഴിലാളികൾക്കാണ് ഈ സ്കീം പ്രകാരം ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) കൂടുതൽ തൊഴിലാളികൾക്ക് ഈ സ്കീം പ്രകാരം ആനുകൂല്യം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 13.12.2012–ലെ മറുപടിക്ക്

<u>കയർതൊഴിലാളി പെൻഷൻ കുടിശ്ശിക</u>

1287 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളി പെൻഷൻ മൂന്നുമാസമായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കുടിശ്ശിക തീർത്ത് പെൻഷൻ നൽകുന്നതിന് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

കയർമേഖലയിലെ 'ചകിരി' ക്ഷാമം പരിഹരിക്കൽ

1288 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർമേഖലയിലെ 'ചകിരി' ക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചകിരിക്ഷാമം പരിഹരിക്കാൻ ഒരു പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?